## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 33 — 27.06.2011-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ഓഫീസിൽ അധികസമയം ഡ്യൂട്ടി നോക്കുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും ഓഫീസ് 24 മണിക്കൂറും പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) മുഖ്യമന്ത്രിയുടെ ഓഫീസ് എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) സെക്രട്ടേറിയറ്റിലെ സാധാരണ പ്രവർത്തി സമയത്തിന് ശേഷമുള്ള സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഡ്യൂട്ടി നോക്കുന്നവർ ആരൊക്കെയായിരിക്കുമെന്നും അവരുടെ ഡ്യൂട്ടി എന്തെല്ലാമായിരിക്കുമെന്നും വിശദമാക്കുമോ ? | (ബി) മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു കോൾ സെന്റർ 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോ ഷിഫ്റ്റിലും രണ്ട് പേർ വീതം ഫോൺ അറ്റന്റ് ചെയ്ത് അതു രേഖപ്പെടുത്തുന്നതാണ്. ഇതിനായി ഓരോ ഷിഫ്റ്റിലും ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള രണ്ടു പേരെ വീതം എൽ.ഡി.സി. തസ്തികയിലും ഓരോ പ്യൂണിനെയും നിയമിക്കുന്നതിനും ഓരോ ഷിഫ്റ്റിലും ഈ ജോലി സൂപ്പർവൈസ് ചെയ്യുന്നതിന് സെക്ഷൻ ഓഫീസർ റാങ്കിലുള്ള ഓരോ ഉദ്യോഗസ്ഥരെ (3 പേർ) നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ രജിസ്റ്റർ ചെയ്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിക്കുന്നതും അതിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതും പ്രസ്തുത സൂപ്പർവൈസറി ഓഫീസറായിരിക്കും. |

സെക്ഷൻ ഓഫീസർ